**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2037** **29-09-2025 - ൽ മറുപടിയ്ക്ക്**

**ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികളുടെ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2, ഗ്രേഡ് 1, എ.എഫ്.ഒ., എഫ്.ഒ. തുടങ്ങിയ തസ്തികകളിൽ അവസാന സ്ഥാനക്കയറ്റം നടന്നത് എന്നാണെന്നും എത്ര പേരുടെ സ്ഥാനക്കയറ്റം ആണ് നടന്നതെന്നുമുള്ള വിവരം ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2, ഗ്രേഡ് 1, എ.എഫ്.ഒ, തുടങ്ങിയ തസ്തികകളിൽ 29/09/2024 തീയതിയിലും എഫ്.ഒ തസ്തികയിൽ 15/7/2025 തീയതിയിലുമാണ് അവസാന സ്ഥാനക്കയറ്റം നടന്നത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഇനം തിരിച്ച് ചുവടെ വ്യക്തമാക്കുന്നു.<br>• ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ൽ നിന്നും ഗ്രേഡ് 1 ലേയ്ക്ക് 36 ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി.<br>• ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 ൽ നിന്നും എ.എഫ്.ഒ ആയി 35 ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി.<br>• എ.എഫ്.ഒ തസ്തികയിൽ നിന്നും എഫ്.ഒ തസ്തികയിലേയ്ക്ക് 31ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി. |
| (ബി) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ ഗ്രേഡ് 2, ഗ്രേഡ് 1, എ.എഫ്.ഒ., എഫ്.ഒ. തസ്തികകളിൽ ഓരോന്നിലും സ്ഥാനക്കയറ്റം നടന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് പ്രസ്തുത തസ്തികകളിൽ നിന്നും എത്ര ജീവനക്കാർ വിരമിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ ഗ്രേഡ് 2, ഗ്രേഡ് 1, എ.എഫ്.ഒ., എഫ്.ഒ. തസ്തികകളിൽ അവസാനമായി സ്ഥാനക്കയറ്റം നൽകിയതിനു ശേഷം പ്രസ്തുത തസ്തികകളിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ എണ്ണം ചുവടെ വ്യക്തമാക്കുന്നു.<br>• സ്ഥാനക്കയറ്റം നടന്നതിനു ശേഷം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിന്നും 11 ജീവനക്കാർ വിരമിച്ചിട്ടുണ്ട്.<br>• സ്ഥാനക്കയറ്റം നടന്നതിനു ശേഷം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ നിന്നും 29 ജീവനക്കാർ വിരമിച്ചിട്ടുണ്ട്.<br>• സ്ഥാനക്കയറ്റം നടന്നതിനു ശേഷം എ.എഫ്.ഒ തസ്തികയിൽ നിന്നും 44 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • സ്ഥാനക്കയറ്റം നടന്നതിനു ശേഷം എഫ്.ഒ തസ്തികയിൽ നിന്നും ഒരാളും വിരമിച്ചിട്ടുണ്ട്. |
| (സി) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ നാളിതുവരെയുള്ള വിരമിക്കലിന് ആനുപാതികമായി സ്ഥാനക്കയറ്റം നൽകുന്നതിലൂടെ ഓരോ ജില്ലയിലും ഉണ്ടാവാൻ ഇടയുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | വിരമിക്കലിന് ആനുപാതികമായി സ്ഥാനക്കയറ്റം നൽകുന്നതിലൂടെ ജില്ലകളിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ ചുവടെ ചേർക്കുന്ന പ്രകാരം എണ്ണം ഒഴിവുകൾ ഉണ്ടാകും.<br>• തിരുവനന്തപുരം - 56 (ഹെഡ് ക്വാർട്ടർ വേക്കൻസി ഉൾപ്പെടെ)<br>• കൊല്ലം - 0<br>• പത്തനംതിട്ട – 1<br>• ആലപ്പുഴ – 1<br>• കോട്ടയം - 4<br>• ഇടുക്കി - 13<br>• എറണാകുളം - 0<br>• തൃശ്ശൂർ – 0<br>• പാലക്കാട് -30<br>• മലപ്പുറം - 7<br>• കോഴിക്കോട് -3<br>• വയനാട് - 1<br>• കണ്ണൂർ – 0<br>• കാസർഗോഡ് - 4 |
| (ഡി) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകളിൽ വിരമിക്കൽ മൂലം ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകളിൽ വിരമിക്കൽ മൂലം ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ഇ) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികളിൽ സ്ഥാനക്കയറ്റം നടത്താൻ ഉള്ള നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ സ്ഥാനക്കയറ്റം എന്ന് നടക്കുമെന്നും ഇതിലൂടെ ഉണ്ടാവുന്ന ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ഇ) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകളിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച് വരുന്നു. സ്ഥാനക്കയറ്റ ഉത്തരവ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഒഴിവ് നികത്തുന്നതിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികളുടെ സ്ഥാനക്കയറ്റം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (എഫ്) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരുടെ 2024 വർഷത്തെ പൊതു സ്ഥലംമാറ്റം കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പിന് 11/04/25 തീയതിയിൽ മാത്രമേ നടപ്പിലാക്കുവാൻ സാധിച്ചിരുന്നുള്ളു. തുടർന്നുണ്ടായ ഒഴിവുകൾ പൊതു സ്ഥലംമാറ്റ ഉത്തരവിലെ ക്യൂ ലിസ്റ്റ് പ്രകാരം നികത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചതിനെത്തുടർന്ന്, ചില ജീവനക്കാർ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ |

| | | | |
|---|---|---|---|
| | | | കേസുകൾ ഫയൽ ചെയ്യുകയും പ്രസ്തുത കേസുകളിൽ 0A നമ്പർ 916/2025നം. കേസിൽ പ്രസ്തുത സ്ഥലംമാറ്റ നടപടിയിന്മേൽ സ്റ്റേ നിലവിൽ വരുകയും, തുടർന്ന് ടി തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റവും പ്രൊമോഷൻ നടപടികളും വീണ്ടും നീണ്ടു പോകുകയും ചെയ്തിരുന്നു. പ്രസ്തുത സ്റ്റേ വെക്കേറ്റ് ചെയ്ത മുറയ്ക്ക് 01/09/2025 തീയതിയിൽ മാത്രമാണ് തുടർന്നുള്ള ട്രാൻസ്ഫർ ഉത്തരവ് പ്രസിദ്ധീകരിക്കുവാൻ സാധിച്ചത്. നിലവിൽ ഈ തസ്തികയിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ